# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 469

29.06.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിലെ നിയമനങ്ങൾ

**ചോദ്യം**

ശ്രീ.എസ്.രാജേന്ദ്രൻ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡ് ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം, സ്ഥിരമായോ താത്കാലികമായോ, ദിവസക്കൂലിയടിസ്ഥാനത്തിലോ നിയമനം നടത്തിയിട്ടുണ്ട്; അവരിൽ ഇപ്പോഴും തുടർന്നു വരുന്നവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൺസ്യൂമർഫെഡിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിയമന രീതി | തസ്തിക | എണ്ണം |
|---|---|---|
| സ്ഥിരം നിയമനം (ആശ്രിത നിയമനം) | ക്ലറിക്കൽ അറ്റൻഡർ | 1 |
| | സെയ്ൽസ് ഹെൽപ്പർ | 6 |
| | സ്വീപ്പർ/ അറ്റൻഡർ | 2 |
| | ആകെ | 9 |
| ദിവസക്കൂലി | വിവിധ തസ്തികകൾ | 3714 |
| കരാർ അടിസ്ഥാനം | ഹാർഡ് വെയർ ടെക്നീഷ്യൻ | 10 |
| | ലാബ് ടെക്നീഷ്യൻ | 1 |
| | അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 1 |
| | മാനേജ്മെന്റ് ട്രെയിനി | 114 |
| | ഫാർമസിസ്റ്റ് | 130 |
| | പ്രിൻസിപ്പാൾ | 1 |
| | സീനിയർ ലക്ചറർ | 3 |
| | ആകെ | 260 |

ഇപ്പോഴും തുടർന്നു വരുന്നവരുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സ്ഥിര നിയമനം (ആശ്രിത നിയമനം) - 9
ദിവസക്കൂലി (വിവിധ തസ്തികകൾ) - 3358
കരാർ അടിസ്ഥാനം – 187

| | | | |
|---|---|---|---|
| (ബി) | കൺസ്യൂമർഫെഡിലെ താത്കാലിക നിയമനങ്ങൾ സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ വിധി എന്തായിരുന്നുവെന്നും വിധിയ്ക്കു ശേഷം നടത്തിയ നിയമനങ്ങൾ എത്രയെന്നും അറിയിക്കുമോ; | (ബി) | വിവിധ കേസുകളിലുള്ള ഹൈക്കോടതി വിധിയുടെ സാരാംശം ചുവടെ ചേർക്കുന്നു.<br><br>1. WP(C) No.25183/2011(W) order dated 21.8.2006. Casual or other employees can be appointed only through employment exchange and they should not be allowed to work for more than six months.<br><br>2. WP(C) No.3923/2011(M) order dated 8.2.2011. Interim order restraining Consumerfed and its officers from appointing persons on daily wages basis until further orders.<br><br>3. WP(C) No.6260/2011(F) order dated 1.3.2011. Interim order staying the regularisation of persons appointed and working on daily wages in Consumerfed for a period of one month.<br><br>വിധിക്കു ശേഷം നടത്തിയ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ഹാർഡ് വെയർ ടെക്നീഷ്യൻ | 10 |
| ലാബ് ടെക്നീഷ്യൻ | 1 |
| അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 1 |
| മാനേജ്മെന്റ് ട്രെയിനി | 114 |

| | |
|---|---|
| ഫാർമസിസ്റ്റ് | 130 |
| പ്രിൻസിപ്പാൾ | 1 |
| സീനിയർ ലക്ചറർ | 3 |
| ആകെ | 260 |

ദിവസ വേതന ജീവനക്കാർ - 3839

(സി) കൺസ്യൂമർഫെഡ് ഇന്നത്തെ നിലയിലേയ്ക്ക് എത്താനിടയാക്കിയ നടപടികളിൽ മേല്പറഞ്ഞ തരത്തിലുള്ള നിയമനങ്ങൾ കൂടി കാരണമായിട്ടുണ്ടായിരുന്നുവോ; വിശദമാക്കാമോ?

(സി) മേൽപ്പറഞ്ഞ തരത്തിലുള്ള നിയമനങ്ങൾ നടത്തിയത് കൺസ്യൂമർഫെഡിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടിയാണ്.

സെക്ഷൻ ഓഫീസർ